ആർ.ഐ.ഡി.എഫ് IX

1. പാംഗ്ലുക്കാട്-മാങ്കോട് റോഡ്—27.20 ലക്ഷം രൂപ
2 വേട്ടുവഴി ഉമ്മനാട്-പാട്ടുപുരയ്ക്കൽ റോഡ്—35.00 ലക്ഷം രൂപ

ആർ.ഐ.ഡി.എഫ് X

1. ചല്ലിമുക്ക്-തളവരമ്പ് റോഡ്—65.00 ലക്ഷം രൂപ
2. കൈതോട്-മണലയം റോഡ്—21.00 ലക്ഷം രൂപ
3. കരിയം-മുരുക്കുമൺ റോഡ്—52.00 ലക്ഷം രൂപ
4. കൂരിക്കാട്-ചെറുവല്ലൂർ-ഉമ്മന്നൂർ റോഡ്—20.35 ലക്ഷം രൂപ
5. ത്രാണ്ടോട്-കൊട്ടാരഴികം റോഡ്—21.50 ലക്ഷം രൂപ
6. ശങ്കരപുരം-നെടുംപച്ച റോഡ്—7.25 ലക്ഷം രൂപ

(ബി) എല്ലാ റോഡുകളുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു.

(സി) 2 എണ്ണം

1. മണ്ണൂർ എൽ.എം.എൽ.പി.എസ്.-പുത്തൂർ റോഡ്—18.25 ലക്ഷം രൂപ
2. കടയ്ക്കൽ-ഇയ്യക്കോട് റോഡ്—9.00 ലക്ഷം രൂപ

നാദാപുരം നിയോജക മണ്ഡലത്തിൽ റോഡുകൾക്കും പാലങ്ങൾക്കുമായി അനുവദിച്ച തുക

19 [692] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ 2001 മുതൽ 2005 ഡിസംബർ 31 വരെയുള്ള കാലയളവിൽ തൂണേരി, കുന്നുമ്മൽ ബ്ലോക്കുകളിലായി കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ റോഡുകൾക്കും പാലങ്ങൾക്കുമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വർക്കുകൾ ഏതെല്ലാമാണെന്നും ഓരോന്നിനും അനുവദിച്ച തുകയെത്രയെന്നും ബ്ലോക്ക് തിരിച്ച് ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

20 [693] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പുവഴി കുന്ദമംഗലം നിയോജകമണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly